പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4137** **21.07.2015**-ലെ മറുപടി

## <u>റിക്രൂട്ടുമെന്റുകൾ സുതാര്യമാക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ.എം.വി.ശ്രേയാംസ് കുമാർ</u><br><u>ശ്രീ. റോഷി അഗസ്റ്റിൻ</u><br><u>ഡോ.എൻ. ജയരാജ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സംസ്ഥാനത്ത് നിന്ന് വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ടുമെന്റുകൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എയും ബിയും) ചില വിദേശരാജ്യങ്ങളിൽ തദ്ദേശീയർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായികൊണ്ടുവന്നിട്ടുള്ള സ്വദേശിവൽക്കരണ നിബന്ധനകളെ തുടർന്ന് അവിടങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് കുറഞ്ഞു വരുന്നുണ്ട്. എന്നാൽ ആയത് സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| സി)വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ടുമെന്റ് വ്യവസ്ഥകൾ സുതാര്യമാക്കുന്നതിനും ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | സി) വിദേശ റിക്രൂട്ട്മെന്റ് സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും കേന്ദ്ര സർക്കാരിന്റെ അധികാരത്തിൽപ്പെട്ട വിഷയങ്ങളാണ്. വിദേശ രാജ്യങ്ങളിലേക്ക് ഇന്ത്യയിൽ നിന്നുമുള്ള റിക്രൂട്ട്മെന്റ് സുതാര്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ 'ഇ - മൈഗ്രേറ്റ്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം വിദേശ തൊഴിൽദായകർ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തശേഷം ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം ഇത് പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ രാജ്യത്ത് നിന്നും വിദേശ റിക്രൂട്ട്മെന്റ് നടത്താൻ കഴിയുകയുള്ളൂ. ഈ സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം ഈ സംവിധാനം മുഖേനയാക്കി കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ